പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 2355 19.06.2013 - ൽ മറുപടിയ്ക്ക്

## താലോലം പദ്ധതി

ചോദ്യം ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് താലോലം പദ്ധതി എന്നാണ് ആരംഭിച്ചത് ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (എ) | 2010 മാർച്ച് മാസമാണ് പദ്ധതി ആരംഭിച്ചത്. 18 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ മാരക രോഗങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്. ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ജന്മനാലുള്ള ഹൃദയവൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥി വൈകല്യങ്ങൾ, ഞരമ്പു സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സഹായം ലഭ്യമാക്കുന്നു. |
| (ബി) | ഈ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ; | (ബി) | നിലവിലുണ്ട് |
| (സി) | പദ്ധതിയിൽ ഈ സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തു മാറ്റമാണ് വരുത്തിയത് ; വിശദമാക്കുമോ ? | (സി) | പദ്ധതിയിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല |

R. Vijayan

സെക്ഷൻ ഓഫീസർ